ഇടുക്കി ജില്ലയിലെ റവന്യൂ ഓഫീസുകളിൽ നിലവിലുള്ള രജിസ്റ്ററുകൾ

86 [2139] ശ്രീ. കെ. എം. ചന്ദ്രൻ:

ശ്രീമതി മേഴ്സി രവി:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" ജി. കാർത്തികേയൻ:

" ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ റവന്യൂ സെറ്റിൽമെന്റ് നടന്നതെന്നാണ്;

(ബി) അന്നുള്ള രജിസ്റ്ററുകൾ ഇന്ന് നിലവിലുണ്ടോ;

(സി) അവിടുത്തെ റവന്യൂ ഓഫീസുകളിൽ നിലവിലുള്ള രജിസ്റ്ററുകൾ എന്ന് എഴുതിയുണ്ടാക്കിയതാണ്;

(ഡി) ഒറിജിനൽ രജിസ്റ്ററും നിലവിലുള്ള രജിസ്റ്ററുകളും തമ്മിൽ ഒത്തു നോക്കി വ്യാജപട്ടയങ്ങളുടെ വിവരം കണ്ടെത്താൻ കഴിയുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ 4 താലൂക്കുകളിലും വ്യത്യസ്ത കാലഘട്ടത്തിലാണ് സെറ്റിൽമെന്റ് നടത്തിയിട്ടുള്ളത്.

ഉടുമ്പൻചോല താലൂക്കിൽ രാജഭരണകാലത്തും പീരുമേട് താലൂക്കിൽ കൊല്ലവർഷം 1084-ലും തൊടുപുഴ താലൂക്കിൽ കൊല്ലവർഷം 1180-ലും ദേവികുളം താലൂക്കിൽ കൊല്ലവർഷം 1123-ലും ആണ് സെറ്റിൽമെന്റ് നടത്തിയിട്ടുള്ളത്.

(ബി) അന്നുള്ള രജിസ്റ്ററുകൾ ഭാഗികമായി നിലവിലുണ്ട്.

(സി) ഉടുമ്പൻചോല താലൂക്കിലേത് രാജഭരണ കാലത്തും പീരുമേട് താലൂക്കിലേത് കൊല്ലവർഷം 1084-ലും, തൊടുപുഴ താലൂക്കിലേത് 1180-ലും, ദേവികുളം താലൂക്കിലേത് 1123-ലും എഴുതിയുണ്ടാക്കിയതാണ്.

(ഡി) രജിസ്റ്റർ മാത്രം ഒത്തുനോക്കി വ്യാജ പട്ടയങ്ങൾ പൂർണ്ണമായി കണ്ടെത്തുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly